**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ - ജാഫർ മലിക്, ഐ.എ.എസ്)**

തിരുവനന്തപുരം

ഉത്തരവ് നമ്പർ ഇ9/36714/17(1) തീയതി 26/04/2019

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം- മേഖല അസിസ്റ്റന്റ് ഡയറക്ടർമാരെ സാമൂഹ്യനീതി,വനിതശിശു വികസന ഡയറക്ടറേറ്റുകളിലായി പുനർ വിന്യസിച്ചത് – ജീവനക്കാരെ വിടുതൽ ചെയ്തും ചുമതലക്രമീകരണം നടത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- സ.ഉ (സാധാ) നം. 200/2019/സാനീവ തീയതി 08/4/2019

സാമൂഹ്യനീതി വകുപ്പിലെ മൂന്ന് മേഖല അസിസ്റ്റന്റ് ഡയറക്ടർമാരെയും സാമൂഹ്യനീതി, വനിത ശിശു വികസന ഡയറക്ടറേറ്റുകളിലായി ചുവടെ ചേർക്കും പ്രകാരം പുനർവിന്യസിച്ച് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

| **ക്രമ നം.** | **ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര്** | **പുനർവിന്യസിപ്പിക്കപ്പെട്ട തസ്തികയും കാര്യാലയവും** |
|---|---|---|
| 1 | ശ്രീ.യു.മുകുന്ദൻ<br>മേഖല അസിസ്റ്റന്റ് ഡയറക്ടർ, തിരുവനന്തപുരം | അസിസ്റ്റന്റ് ഡയറക്ടർ,<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2 | ശ്രീമതി പ്രീതി വിൽസൺ,<br>മേഖല അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം | അസിസ്റ്റന്റ് ഡയറക്ടർ<br>വനിത ശിശു വികസന ഡയറക്ടറേറ്റ് |
| 3 | ശ്രീമതി ബിന്ദു ഗോപിനാഥ്,<br>മേഖല അസിസ്റ്റന്റ് ഡയറക്ടർ,കോഴിക്കോട് | അസിസ്റ്റന്റ് ഡയറക്ടർ<br>വനിത ശിശു വികസന ഡയറക്ടറേറ്റ് |

ഈ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരെ ഉടൻപ്രാബല്യത്തിൽ ചുമതലകളിൽ നിന്ന് വിടുതൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ജീവനക്കാർ അവരെ നിയമിച്ചിട്ടുള്ള ഡയറക്ടറേറ്റുകളിൽ ഉടൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. മേഖല അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയത്തിലെ മറ്റ് ജീവനക്കാരുടെ പുനർവിന്യാസ നടപടികൾ പൂർത്തിയാക്കി മേഖല അസിസ്റ്റന്റ് ഡയറക്ടർമാരുടെ കാര്യാലയങ്ങൾ നിർത്തലാക്കുന്നതുവരെ മൂന്ന് ജീവനക്കാരും അതാത് മേഖല അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ പൂർണ്ണ അധികച്ചുമതല നിർവ്വഹിക്കേണ്ടതാണ്.

(ഒപ്)

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1. സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
3. എല്ലാ മേഖല അസിസ്റ്റന്റ് ഡയറക്ടർമാർക്കും
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ
5. സൂപ്രണ്ട്, ബിൽ സെക്ഷൻ/ഐറ്റി സെക്ഷൻ
6. ഇ1 മുതൽ ഇ9 സീറ്റ് വരെ
7. സ്റ്റോക്ക് ഫയൽ/സെക്ഷൻ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

93.

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാരെ സാമൂഹ്യ നീതി, വനിത ശിശു വികസന ഡയറക്ടറേറ്റുകളിലായി പുന:ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

**സ.ഉ (സാധാ) നം.200/2019/സാ.നീ.വ.** തീയതി, തിരുവനന്തപുരം, **08.04.2019**

പരാമർശം: 1) സ.ഉ (കൈ) നം.24/2017/സാ.നീ.വ. തീയതി 30.06.2017.
2) സ.ഉ (കൈ) നം.5/2019/സാ.നീ.വ. തീയതി 16.02.2019.
3) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 08.03.2019 ലെ ഇ 1/3082/19 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. കേരള ഗവർണ്ണറുടെ 24.06.2016 ലെ നയപ്രഖ്യാപന പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം വനിത ശിശു വികസന വകുപ്പ് രൂപീകരിക്കുകയുണ്ടായി. സാമൂഹ്യ നീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി.എൻ. ജിതേന്ദ്രൻ സമർപ്പിച്ച പഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് പുതിയ വകുപ്പ് രൂപീകരിച്ചത്. ടി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിലെ 3 മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നിർത്തലാക്കിക്കൊണ്ടും അവിടെ അനുവദിക്കപ്പെട്ടിട്ടുള്ള 19 തസ്തികകൾ സാമൂഹ്യ നീതി വകുപ്പിലും വനിത ശിശു വികസന വകുപ്പിലുമായി പുനർക്രമീകരിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേഖലാ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ മൂന്ന് ഉദ്യോഗസ്ഥരെ ഇരു ഡയറക്ടറേറ്റുകളിലുമായി പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമൂഹ്യ നീതി ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയങ്ങളിലെ റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാരെ ഇരു ഡയറക്ടറേറ്റുകളിലുമായി താഴെപ്പറയും പ്രകാരം പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/ജീവനക്കാരിയുടെ പേര് | നിയമനം അനുവദിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ. യു. മുകുന്ദൻ,<br>മേഖല അസിസ്റ്റന്റ് ഡയറക്ടർ,<br>തിരുവനന്തപുരം. | അസിസ്റ്റന്റ് ഡയറക്ടർ,<br>സാമൂഹ്യ നീതി ഡയറക്ടറേറ്റ്. |
| 2 | ശ്രീമതി. പ്രീതി വിൽസൺ,<br>മേഖല അസിസ്റ്റന്റ് ഡയറക്ടർ,<br>എറണാകുളം. | അസിസ്റ്റന്റ് ഡയറക്ടർ,<br>വനിത ശിശു വികസന ഡയറക്ടറേറ്റ്. |
| 3 | ശ്രീമതി. ബിന്ദു ഗോപിനാഥ്,<br>മേഖല അസിസ്റ്റന്റ് ഡയറക്ടർ,<br>കോഴിക്കോട്. | അസിസ്റ്റന്റ് ഡയറക്ടർ,<br>വനിത ശിശു വികസന ഡയറക്ടറേറ്റ്. |

മറ്റു ജീവനക്കാരുടെയും നിലവിലുള്ള റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ഓഫീസിലെ ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയ കാര്യങ്ങളിലുള്ള പുന:ക്രമീകരണങ്ങളുടെ ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്. മേൽ ഉദ്യോഗസ്ഥർ നിയമപ്രകാരമുള്ള ജോയിനിംഗ് ടൈമിൽ അതാത് ഡയറക്ടറേറ്റ് കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ബിജു പ്രഭാകർ,**

**സ്പെഷ്യൽ സെക്രട്ടറി.**

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.